(ഡി) അവശേഷിക്കുന്ന ഒഴിവുകൾ റിപ്പോർട്ട് ചെയ്യുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ഇ) എങ്കിൽ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്-II-ന്റെ 11 ഒഴിവുകളാണ് ജില്ലയിലുള്ളത്.

(ബി) മെയിൻ ലിസ്റ്റിൽ 187-ഉം സപ്ലിമെന്ററി ലിസ്റ്റിൽ 162-ഉം പേരുണ്ട്.

(സി) ഏഴ് ഒഴിവുകൾ.

(ഡി) പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യപ്പെടേണ്ടതായ ഒഴിവുകൾ ഒന്നും തന്നെ നിലവിലില്ല.

(ഇ) ബാധകമല്ല.

ഹെൽത്ത് സർവീസിലും മെഡിക്കൽ കോളേജുകളിലും ഒഴിവുള്ള തസ്തിക

62 (4938) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹെൽത്ത് സർവ്വീസിലും മെഡിക്കൽ കോളേജുകളിലും നിലവിൽ എത്ര തസ്തികകൾ ഒഴിവുണ്ട് ; തസ്തിക തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ ;

(ബി) ഈ ഒഴിവുകൾ നികത്തുന്നതിന് നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(സി) ഹെൽത്ത് സർവ്വീസിലും മെഡിക്കൽ കോളേജുകളിലും എത്ര പാരാമെഡിക്കൽ സ്റ്റാഫുകളുണ്ടെന്ന് തസ്തിക തിരിച്ച് വിശദമാക്കുമോ ;

(ഡി) പാരാമെഡിക്കൽ സ്റ്റാഫുകളുടെ ഒഴിവുകൾ നികത്താൻ സർക്കാർ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(ഇ) മെഡിക്കൽ കോളേജുകളിൽ ഉയർന്ന തസ്തികകളിൽ ഡോക്ടർമാർ ഇല്ലാത്തതുകൊണ്ട് എന്തെങ്കിലും ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ വിശദമാക്കുമോ ?

ഉത്തരം

(എ-എഫ്) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

നഴ്സസ് അവാർഡ്

63 (4940) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഴ്സസ് അവാർഡ് നൽകുന്നതിനുള്ള മാനദണ്ഡം എന്താണ് ;

(ബി) അവാർഡിനുവേണ്ടി വിനിയോഗിക്കുന്ന ഫണ്ട് ഏത് വിഭാഗത്തിലാണ് ;

(സി) റ്റാറ്റാ അവാർഡ് ഫീൽഡ് നഴ്സുമാരായ ജെ.പി.എച്ച്.എൻ.-നു മാത്രമുള്ളതാണോ ; പ്രസ്തുത അവാർഡ് എന്ന് ആരംഭിച്ചു ; ഇതിൽ ജനറൽ നഴ്സുമാരെ ഉൾപ്പെടുത്തിയത് ഏത് വർഷം മുതലാണ് ;

(ഡി) റ്റാറ്റാ അവാർഡ് ജെ.പി.എച്ച്.എൻ.-നു മാത്രമായി പരിമിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ആശുപത്രി വിഭാഗം, ഫീൽഡ് വിഭാഗം നഴ്സുമാർ എന്നിവർക്ക് അവാർഡ് നൽകുന്നതിനായി പ്രത്യേകം പ്രത്യേകം മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. വാർഡുകളുടെ ശുചിത്വം, ജോലി സ്ഥലത്തെ ക്രമീകരണങ്ങൾ, വാർഡുകളുടേയും ശൌച്യാലയങ്ങളുടേയും വൃത്തി, ബ്യോമെഡിക്കൽ മാലിന്യ നിർമ്മാർജ്ജനം, കൃത്യനിഷ്ഠ, ജോലിയോടുള്ള സമീപനം, അടിയന്തര ഘട്ടങ്ങളെ നേരിടുവാനുള്ള കഴിവ്, രോഗികളോടും കൂട്ടിരിപ്പുകാരോടുമുള്ള പെരുമാറ്റം, നഴ്സിംഗ് വൈദഗ്ദ്ധ്യം, ജില്ലാതലത്തിലും സംസ്ഥാനതലത്തിലുമുള്ള പരിശീലന പരിപാടികളിലെ പങ്കാളിത്തം, സഹപ്രവർത്തകരോടും ഉന്നതാധികാരികളോടുമുള്ള പെരുമാറ്റം, ഔദ്യോഗിക രേഖകൾ ക്രമമായി സൂക്ഷിക്കുന്നതിനുള്ള വൈദഗ്ദ്ധ്യം, വിഭവവിനിയോഗം, അപ്രതീക്ഷിത വിപത്തുകളിൽ കാട്ടിയ പ്രതിബദ്ധത, ആരോഗ്യവകുപ്പിന്റെ വിവിധങ്ങളായ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിലുള്ള പങ്കാളിത്തം, നേതൃത്വം എന്നീ മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി ജില്ലാ മെഡിക്കൽ ഓഫീസർമാർ (ആരോഗ്യം) നൽകുന്ന പ്രൊപ്പോസലുകളിന്മേൽ പ്രസ്തുത നഴ്സുമാരുടെ പ്രവൃത്തി പരിചയം, അധികയോഗ്യത, ഇൻസർവീസ് വിദ്യാഭ്യാസം എന്നിവ അടിസ്ഥാനമാക്കി വെയിറ്റേജ് മാർക്ക് നൽകി ആരോഗ്യവകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായ ഏഴംഗ കമ്മിറ്റിയാണ് അവാർഡ് വിജയികളെ നിർണയിക്കുന്നത്.

(ബി) ജെ.ആർ.ഡി. റ്റാറ്റ ഫൗണ്ടേഷനിൽ നിന്നുമുള്ള ഫണ്ടാണ് അവാർഡിനു വേണ്ടി ഉപയോഗിക്കുന്നത്.

(സി) അല്ല. നഴ്സസ് അവാർഡ് ആരംഭിച്ചത് 2000-ലാണ്. ഇതിൽ ജനറൽ നഴ്സുമാരെ 2007-ലാണ് ഉൾപ്പെടുത്തിയത്.

(ഡി) . ഇത് സംബന്ധിച്ച പ്രൊപ്പോസൽ ഒന്നുംതന്നെ സർക്കാരിൽ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly